# പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : എം.പി.അജിത് കുമാർ)

വിഷയം:- പഞ്ചായത്ത് വകുപ്പ് - ഭരണജാഗ്രത - ആലപ്പുഴ ജില്ല - പാണാവള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി.എൽ. പ്രസന്നകുമാരിയെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 16.08.2018 ലെ ജി2/12656/16 നമ്പർ സർക്കുലർ

2) ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 20.02.2018 ലെ ഇ5-8537/18 നമ്പർ കത്ത്

**ഉത്തരവ് നമ്പർ PAN/21874/2018/D8 (DP) തീയതി 20.08.2018**

സംസ്ഥാനത്തെ ദുരന്തത്തിലാക്കിയ പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളും ഉണർന്നു പ്രവർത്തിക്കാനും ഗ്രാമപഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും സന്നദ്ധപ്രവർത്തകരെയും യോജിപ്പിച്ച് ദുരന്തനിവാരണ പ്രവർത്തന ങ്ങൾ സംഘടിപ്പിക്കാനും പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം വ്യക്തമായ നിർദ്ദേശം നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിലെ ഇതര ജീവനക്കാരും മറ്റു സംഘടനകളും മേൽ പ്രവർത്തികളിൽ നേതൃത്വം നൽകിയപ്പോൾ ആലപ്പുഴ ജില്ലയിലെ പാണാവള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി.എൽ. പ്രസന്നകുമാരി പഞ്ചായത്ത് ഡയറക്ടറുടെ മേൽ നിർദ്ദേശം അവഗണിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിച്ചു കൊണ്ടുപോകുന്നതിൽ വീഴ്ച വരുത്തുകയും തികച്ചും നിസ്സഹകരണത്തോടുകൂടി പെരുമാറിയതായും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റിപ്പോർട്ട് ചെയ്തിരിക്കുന്നതായി പരാമർശം (2) പ്രകാരം ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിരിക്കുന്നു. പ്രളയ ദുരന്തം ഗ്രാമപഞ്ചായത്തിനേയും ബാധിച്ചിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടും സർക്കാരും വകുപ്പും നൽകിയ നിർദ്ദേശ പ്രകാരമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും ദുരിതാശ്വാസ ക്യാമ്പുകൾ തുടങ്ങാനും സെക്രട്ടറി മുൻകൈയ്യെടുത്തിട്ടില്ല. ഗ്രാമപഞ്ചായത്തിലേയും പഞ്ചായ ത്തിന് കൈമാറിയ മറ്റ് വകുപ്പുകളിലേയും ജീവനക്കാരേയും ജനപ്രതിനിധികളേയും യോജിപ്പിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടിരി ക്കുന്നു. കൂടാതെ പ്രളയത്തിൽ സർവ്വവും നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന ദുരന്തബാധിതരോട് തികച്ചും മോശമായ ഭാഷയിൽ സംസാരിക്കുകയും ചില നിസാര ആവശ്യങ്ങൾ ഉന്നയിച്ചവരോട് ആക്രോശിച്ചുകൊണ്ട് സഭ്യമല്ലാത്ത പദപ്രയോഗങ്ങൾ നടത്തിയതായും സന്ദേശം ലഭിച്ചു.

ദുരിതമനുഭവിക്കുന്ന ജനതയോടൊപ്പം നിൽക്കുന്ന തദ്ദേശസ്വയംഭരണ ജീവനക്കാർക്ക് അപമാനം ഉണ്ടാക്കുന്നതരത്തിലുള്ള ഗ്രാമ പഞ്ചായത്ത് സെക്രട്ടറി യുടെ പ്രവൃർത്തി അതീവഗുരുതരമായി കണ്ട് പാണാവള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീമതി.എൽ.പ്രസന്നകുമാരിയെ സർവ്വീസിൽ നിന്നും അന്വേഷണ ത്തിനും അച്ചടക്ക നടപടികൾക്കും മുന്നോടിയായി ഉടൻ പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു.

ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവു ഉടൻ നടപ്പിലാ ക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ശ്രീമതി.എൽ.പ്രസന്നകുമാരിക്ക് സസ്പെൻഷൻ കാലയളവിൽ കേരള സർവ്വീസ് റൂൾ അനുശാസിക്കും പ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
**എം.പി. അജിത്കുമാർ**
പഞ്ചായത്ത് ഡയറക്ടറുടെ
പൂർണ്ണ അധികചുമതല വഹിക്കുന്ന
പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ

ശ്രീമതി.എൽ.പ്രസന്നകുമാരി
സെക്രട്ടറി, പാണാവള്ളി ഗ്രാമപഞ്ചായത്ത്
(ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

പകർപ്പ് :-

1) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
   *(സസ്പെൻഷൻ ഉത്തരവ് അടിയന്തിരമായി നടപ്പിൽ വരുത്തേണ്ടതും പകരം ചുമതല നിശ്ചയിച്ച് നൽകി ഈ ഓഫീസിലേക്ക് അറിയിക്കേണ്ടതുമാണ്)*
2) പ്രസിഡന്റ് പാണാവള്ളി ഗ്രാമപഞ്ചായത്ത്
3) സൂപ്രണ്ട് 'ഇ' സെക്ഷൻ
4) കരുതൽ /അധികം

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്